പാലാ—ഉദയഗിരി ഫാസ്റ്റ് പാസഞ്ചർ

598 [764] ശ്രീ: കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഡിപ്പോയിൽനിന്നും ഉദയഗിരിക്ക് സർവ്വീസ് നടത്തിയ ഫാസ്റ്റ് പാസഞ്ചർ നിറുത്തലാക്കുവാൻ കാരണമെന്താണ്;

(ബി) ഈ സർവ്വീസിന്റെ സമയം മാറ്റി കൂടുതൽ ലാഭകരമാക്കാമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഈ സർവ്വീസ് ആദ്യമായി ആരംഭിച്ചത് ഏതു വർഷമാണ്?

ഉത്തരം

(എ) ഈ സർവ്വീസ് നിറുത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവു നിമിത്തം ഈ സർവ്വീസ് കുറച്ചുനാളായി ഓടിക്കാറില്ല.

(ബി) ഉണ്ട്.

(സി) 1977—ൽ ആണ് ഈ സർവ്വീസ് ആരംഭിച്ചത്.

ചങ്ങനാശ്ശേരി—ചെമ്പേരി റൂട്ടിലെ ഫാസ്റ്റ് പാസഞ്ചർ

599 [765] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി—ചെമ്പേരി റൂട്ടിൽ സർവ്വീസ് നടത്തിയ ഫാസ്റ്റ് പാസഞ്ചർ ഇപ്പോഴും സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നാണ് സർവ്വീസ് നിർത്തലാക്കിയത്;

(സി) സർവ്വീസ് നിർത്തലാക്കാൻ കാരണമെന്താണ്;

(ഡി) ഈ സർവ്വീസ് പുനരാരംഭിക്കണമെന്ന നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഈ സർവ്വീസ് സ്ഥിരമായി നടത്താൻ തീരുമാനം എടുത്തിട്ടുള്ളതും അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാകുന്നു.

(ബി) പെരിന്തൽമണ്ണ—ചെമ്പേരി ഭാഗത്ത് കഴിഞ്ഞ 6 മാസക്കാലമായി ഈ സർവ്വീസ് ഓടുന്നില്ല.

(സി) ബസ്സുകളുടെ കുറവാണ് ഇതിനുകാരണം. കൂടാതെ പെരിന്തൽമണ്ണ—ചെമ്പേരി ഭാഗത്ത് വരുമാനം കുറവുമായിരുന്നു. ഈ ഭാഗം ദേശസാൽകൃതമേഖലയിൽ പെടുന്നതുമല്ല.

(ഡി) പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly